(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ 3767 സഹകരണ സംഘങ്ങളും ക്ഷീര വികസന വകുപ്പിന്റെ കീഴിൽ 2947 സഹകരണ സംഘങ്ങളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ 860 സഹകരണ സംഘങ്ങളും ഉണ്ട്.

179 (1723) സഹകരണ സ്ഥാപനങ്ങൾ സ്വാശ്രയ കോളേജുകൾക്ക് നൽകുന്ന തുക

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പാലോട് രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വാശ്രയ കോളേജുകൾക്കുവേണ്ടി ഫണ്ട് നൽകണമെന്ന സഹകരണ രജിസ്ട്രാറുടെ നിർദ്ദേശമനുസരിച്ച് ഇതുവരെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ എന്തു തുക വീതം നൽകിയിട്ടുണ്ട്?

ഉത്തരം

പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നതിനുള്ള സഹകരണ അക്കാദമിക്കുവേണ്ടി പൊതു നൻമ ഫണ്ടിൽനിന്നും തുക നൽകാനുള്ള അനുവാദം നൽകിയതനുസരിച്ച്, സംസ്ഥാന സഹകരണ ബാങ്ക് ഒരു കോടി രൂപയും, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലാ സഹകരണ ബാങ്കുകൾ 75 ലക്ഷം രൂപ വീതവും കൊല്ലം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലാ സഹകരണ ബാങ്കുകൾ 50 ലക്ഷം രൂപ വീതവും നൽകിയിട്ടുണ്ട്.

180 (1724) സഹകരണ സംഘങ്ങളിലെ ഓഡിറ്റ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമായി നടക്കുന്നതിലേയ്ക്ക് ആവശ്യത്തിന് ഓഡിറ്റർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സഹകരണവകുപ്പിൽ എത്ര ഓഡിറ്റർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്;

(സി) ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഡി) എച്ച്.ഡി.സി. പാസ്സായിട്ടുള്ള സഹകരണ വകുപ്പിലെ ഗുമസ്തൻമാരെ ഓഡിറ്റർമാരായി നിയമിച്ച് അവരുടെ മനുഷ്യ വിഭവശേഷി ഉപയുക്തമാക്കുകയും വകുപ്പിന് കാര്യക്ഷമത കൂട്ടുകയും ചെയ്യുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 294 ഓഡിറ്റർ തസ്തിക ഒഴിഞ്ഞു കിടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly